# പതിനാലാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3197** **07.02.2018-ൽ മറുപടിയ്ക്ക്**

## ഹരിപ്പാട് മണ്ഡലത്തിലെ ഹൈമാസ്റ്റ് ലൈറ്റുകൾ

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഹരിപ്പാട് മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന എത്ര ഹൈമാസ്റ്റ് ലൈറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കമോ; അവയിൽ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നറിയിക്കാമോ; | എ) ഹരിപ്പാട് മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന തൃക്കുന്നപ്പുഴ (മുതക്കൽ ഫിഷ് ലാന്റിംഗ് സെന്റർ), പതിയാങ്കര, പല്ലന എന്നിവിടങ്ങളിൽ ഓരോ സോളാർ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ആയത് അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തു. സ്ഥാപിച്ചുകഴിഞ്ഞ 3 ഹൈമാസ്റ്റ് ലൈറ്റുകളിൽ തൃക്കുന്നപ്പുഴ (മുതക്കൽ ഫിഷ് ലാന്റിംഗ് സെന്റർ) ൽ സ്ഥാപിച്ച ലൈറ്റ് മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. |
| ബി) ഏത് ഏജൻസിയാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്;ഇവയുടെ പരിപാലനത്തിനുള്ള വ്യവസ്ഥകൾ നിർവ്വഹണ കരാറിൽ ഉൾപ്പെടുത്തിയിരുന്നോയെന്ന് വ്യക്തമാക്കമോ; | ബി) കെൽട്രോൺ മുഖേനയാണ് തൃക്കുന്നപ്പുഴ, പതിയാങ്കര, പല്ലന എന്നിവിടങ്ങളിൽ സോളാർ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ കരുവാറ്റയിൽ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ച 3 ഹൈമാസ്റ്റ് ലൈറ്റുകൾ 'സേഫ് ഗാർഡ്' എന്ന ഏജൻസി വഴിയാണ് സ്ഥാപിക്കുന്നത്. ലൈറ്റുകൾ സ്ഥാപിച്ചുകഴിഞ്ഞ് നിയമാനുസൃതമുള്ള ഗ്യാരണ്ടി ഉറപ്പുവരുത്തുന്നുണ്ട്. 3 വർഷത്തേക്ക് ലൈറ്റുകൾ നല്ല രീതിയിൽ പ്രവർത്തിക്കുമെന്ന് കരാർ പ്രകാരം ഉറപ്പുവരുത്തിയിട്ടുണ്ട്. |
| സി) പ്രവർത്തനരഹിതമായ ഹൈമാസ്റ്റ് ലൈറ്റുകൾ അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് തീരദേശ വികസന കോർപ്പറേഷന് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുള്ളത്. അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടർനടത്തിപ്പും പരിപാലനവും ഏറ്റെടുത്തു കൊള്ളാമെന്ന് സമ്മതിച്ച് കൗൺസിൽ തീരുമാനം |

ലഭ്യമാക്കിയതനുസരിച്ചാണ് ഈ ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. ലൈറ്റുകൾ സ്ഥാപിച്ചതിനു ശേഷം ആയവ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കൈമാറ്റം ചെയ്ത് നൽകിയിട്ടുണ്ട്. ഗ്യാരണ്ടി പിരീഡിന് ശേഷമുള്ള തുടർപരിപാലനം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്.

**സെക്ഷൻ ആഫീസർ**